തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

വാക്കാട്, മലപ്പുറം - 676 502

# പൊതുസഭ
## ഇരുപത്തിയൊമ്പതാമത് യോഗതീരുമാനങ്ങൾ
**2023 മേയ് 20 ശനിയാഴ്ച രാവിലെ 10.30 ന്**

**പങ്കെടുത്തവർ:**

1. ഡോ. സാബു തോമസ് (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ കുറുക്കോളി മൊയ്തീൻ (എം.എൽ.എ.)
3. ശ്രീമതി റെറ്റി പി തോമസ് (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യ (സി) വകുപ്പ്)
4. ഡോ. സി. രാജേന്ദ്രൻ
5. ഡോ. കെ.ജി .പൗലോസ്
6. കലാമണ്ഡലം ഹൈമവതി
7. കലാമണ്ഡലം പ്രഭാകരൻ
8. ഡോ. ജെ. പ്രസാദ്
9. ഡോ. സത്യൻ എം. (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
10. പ്രൊഫ. കെ. ഓമനക്കുട്ടി
11. ഡോ. കെ.വി.ശശി
12. ഡോ. കെ.എം. അനിൽ
13. ഡോ. ധന്യ ആർ.
14. ഡോ. സി. സെയ്തലവി
15. ശ്രീ ആശിഷ് സുകു
16. കുമാരി കൃഷ്ണ കെ.പി.
17. ശ്രീ അനീഷ് വി.പി.
18. കുമാരി ആര്യ

ഡോ. പ്രജിത് ചന്ദ്രൻ (രജിസ്ട്രാർ) യോഗത്തിൽ സന്നിഹിതനായിരുന്നു.

യോഗം രാവിലെ 10.30 ന് ഓൺലൈനായി ആരംഭിച്ചു. ബഹു. വൈസ് ചാൻസലർ എല്ലാ പൊതുസഭാംഗങ്ങളേയും സഭയിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്തുകൊണ്ട് യോഗനടപടികൾ ആരംഭിച്ചു.

**തീരുമാനങ്ങൾ**

ഇനം നമ്പർ: **2023.19**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: ബഹു. വൈസ് ചാൻസലർ അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു.

സിനിമാനടൻ മാമുക്കോയ, ആതുരശുശ്രൂഷക്കിടയിൽ ആക്രമിയാൽ ദാരുണാന്ത്യം സംഭവിച്ച ഡോ. വന്ദനാദാസ്, വിനോദസഞ്ചാരവേളയിൽ താനൂരിലെ പൂരപ്പുഴയിൽ ഉണ്ടായ ബോട്ടപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് സഭ ആദരാഞ്ജലി അർപ്പിച്ചു.

ഇനം നമ്പർ: **2023.20**

വിഷയം: **പൊതുസഭയുടെ ഇരുപത്തിയെട്ടാമത് യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: പൊതുസഭയുടെ 28-ാമത് യോഗതീരുമാനങ്ങൾ സ്ഥിരീകരിച്ചു.

(ഭരണവിഭാഗം എ, ബി, സി സെക്ഷൻ - പരീക്ഷാവിഭാഗം)

ഇനം നമ്പർ: **2023.21**

വിഷയം: **നിർവാഹകസമിതി അംഗീകരിച്ച 2022-23 വർഷത്തെ വാർഷികറിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: വാർഷിക റിപ്പോർട്ടിലെ പിശകുകൾ സമഗ്രമായി പരിശോധിച്ച് പൂർണമാക്കി അടുത്ത യോഗത്തിൽ പുനർസമർപ്പിക്കുക.

(191/2019/പ്രസിദ്ധീകരണം - പ്രസിദ്ധീകരണവിഭാഗം)

ഇനം നമ്പർ: **2023.22**

വിഷയം: **നിർവാഹകസമിതി അംഗീകാരം നൽകിയ 4 പിഎച്ച്.ഡി. ഗവേഷകർക്ക് ബിരുദദാനത്തിനായി അനുമതി നൽകുന്ന വിഷയം (വിനീഷ് എ.കെ, ദീപ എം, അശോക് എ ഡിക്രൂസ്, ഐശ്വര്യ വി ഗോപാൽ) പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: അംഗീകരിച്ചു.

(192/പിഎച്ച്.ഡി./2022/അക്കാദമികം - ഭരണവിഭാഗം 'സി' സെക്ഷൻ)

ഇനം നമ്പർ: **2023.23**

വിഷയം: **നിർവാഹകസമിതി അംഗീകാരം നൽകിയ 2020-22 അദ്ധ്യയനവർഷത്തിലെ ബിരുദാനന്തരബിരുദം, 2019 ബാച്ചിലെ എംഫിൽ ബിരുദം, 2021 ബാച്ചിലെ താരതമ്യസാഹിത്യം വിവർത്തനപഠനം കോഴ്സിൽ നിന്നും എംഫിൽ ബിരുദപഠനം എന്നിവ പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നത് സംബന്ധിച്ച്.**

തീരുമാനം: അംഗീകരിച്ചു.

(126/2019/പ.വി. - പരീക്ഷാവിഭാഗം)

## ചർച്ചയിൽ ഉടലെടുത്ത തീരുമാനങ്ങൾ

ഇനം നമ്പർ: **2023.24**

വിഷയം: **അക്ഷരം കാമ്പസിലെ മരങ്ങൾ മുറിച്ചത് സംബന്ധിച്ച്**

തീരുമാനം: അക്ഷരം കാമ്പസിലെ മരങ്ങൾ മുറിച്ചത് ഡോ. ജെ. പ്രസാദ് കൺവീനറും ഡോ. സി. രാജേന്ദ്രൻ, ഡോ. കെ.വി. ശശി എന്നിവർ അംഗങ്ങളുമായ നിർവാ

ഹകസമിതിയുടെ ഉപസമിതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കും.

വിദ്യാർത്ഥി അധ്യാപകപ്രതിനിധികൾ അടങ്ങുന്ന മരംസംരക്ഷണ സമിതി രൂപീകരിക്കണം.

(ഭരണകാര്യാലയം – 'എ' സെക്ഷൻ)

ഇനം നമ്പർ: **2023.25**

വിഷയം: **ഓൺലൈൻ സമഗ്രമലയാള ഭാഷാനിഘണ്ടുവിന്റെ പൂർത്തീകരിച്ചതുവരെയുള്ള സോഫ്റ്റ് കോപ്പി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയത് സംബന്ധിച്ച്**

തീരുമാനം: പൊതുസഭയുടെ 2023.08 ഇനം തീരുമാനപ്രകാരം ഓൺലൈൻ സമഗ്രമലയാള ഭാഷാ നിഘണ്ടു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയതുമായി ബന്ധപ്പെട്ട വിഷയം ഡോ. ജെ. പ്രസാദ് കൺവീനറും ഡോ. സി. രാജേന്ദ്രൻ, ഡോ. കെ.വി. ശശി എന്നിവർ അംഗങ്ങളുമായ നിർവാഹകസമിതിയുടെ ഉപസമിതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണം.

(ഭരണകാര്യാലയം – 'എ' സെക്ഷൻ)

ഇനം നമ്പർ: **2023.26**

വിഷയം: **പരീക്ഷാകൺട്രോളറായിരുന്ന ഡോ. പി.എം. റെജിമോൻ തൽസ്ഥാനത്തുനിന്നും വിടുതൽ വാങ്ങി മാതൃസ്ഥാപനത്തിലേക്ക് പോയത് തിരികെ പ്രവേശിച്ചത് സംബന്ധിച്ച്**

തീരുമാനം: ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പരീക്ഷാ കൺട്രോളറായിരുന്ന ഡോ. പി. എം. റെജിമോൻ തൽസ്ഥാനത്തുനിന്നു വിടുതൽ വാങ്ങി മാതൃസ്ഥാപനത്തിൽ പുനഃപ്രവേശിച്ചതു നിർവാഹകസമിതിയിൽ റിപ്പോർട്ട് ചെയ്യാതിരുന്ന സ്ഥിതിക്ക് വിഷയം അന്വേഷിച്ച് പൊതുസഭയിലേക്ക് റിപ്പോർട്ട് ചെയ്യണം.

(ഭരണകാര്യാലയം – 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.27**

വിഷയം: **പരീക്ഷാകൺട്രോളറുടെ നിയമനം**

തീരുമാനം: ഇതുസംബന്ധിച്ച് നിർവാഹകസമിതിയിൽ കൈക്കൊണ്ട തീരുമാനം നടപ്പാക്കുക.

(ഭരണകാര്യാലയം – 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.28**

വിഷയം: **അക്ഷരം കാമ്പസിലെ ലൈബ്രറിയുടെ മുകളിലെ സെമിനാർഹാൾ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി വിട്ടുകൊടുക്കൽ സംബന്ധിച്ച്**

തീരുമാനം: മികവുകേന്ദ്രത്തിലെ ക്ലാസ് / ഫാക്കൽറ്റി മുറികളുടെ നിർമാണം പൂർത്തീകരിക്കുന്നതോടെ അധികസൗകര്യം നൽകുന്നത് പരിഗണിക്കും.

(ഭരണകാര്യാലയം – 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.29**

വിഷയം: **ഹോസ്റ്റൽ യാത്രക്കു ഔദ്യോഗിക വാഹനം ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത വിദ്യാർത്ഥികളിൽ നിന്നും വസൂലാക്കിയ ബസ് ഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: വിഷയം പരിശോധിച്ച് യോഗ്യരായവർക്കു അധികമായി വാങ്ങിയ പണം തിരികെ നൽകുവാൻ നടപടി സ്വീകരിക്കുക. ഇതു സംബന്ധിച്ച് രേഖാമൂലം റിപ്പോർട്ട് സമർപ്പിക്കണം.

(ഭരണകാര്യാലയം - 'സി' സെക്ഷൻ)

ഇനം നമ്പർ: **2023.30**

വിഷയം: **മുൻപൊതുസഭാ തീരുമാനങ്ങളുടെ തുടർനടപടികളുടെ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: മുൻതീരുമാനങ്ങളുടെ തുടർനടപടികൾ സഭയിൽ അവതരിപ്പിക്കും.

ഇനം നമ്പർ: **2023.31**

വിഷയം: **യോഗ്യരായ വിദ്യാർത്ഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ യഥാസമയം വിതരണം ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: യോഗ്യരായ വിദ്യാർത്ഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ യഥാസമയം വിതരണം ചെയ്യണം.

(പരീക്ഷാഭവൻ)

ഇനം നമ്പർ: **2023.32**

വിഷയം: **2019 ൽ ഗവേഷണപ്രവേശനം നേടിയ വിദ്യാർത്ഥികളുടെ മുടങ്ങികിടക്കുന്ന സർവകലാശാല ഫെലോഷിപ്പ് നേടിയെടുക്കുന്നതിനുള്ള പ്രവർത്തനം സംബന്ധിച്ച്**

തീരുമാനം: 2019 ൽ ഗവേഷണപ്രവേശനം നേടിയ വിദ്യാർത്ഥികളുടെ മുടങ്ങികിടക്കുന്ന സർവകലാശാല ഫെലോഷിപ്പ് നേടിയെടുക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തും.

(ഭരണകാര്യാലയം - സി സെക്ഷൻ)

ഇനം നമ്പർ: **2023.33**

വിഷയം: **മുടക്കംവന്ന ഇ-ഗ്രാന്റ് സംബന്ധിച്ച വിശദമായ റിപ്പോർട്ട്**

തീരുമാനം: പൊതുസഭയുടെ 28-ാമത് യോഗത്തിലെ 2023.10 ഇനം തീരുമാനപ്രകാരം മുടക്കംവന്ന ഇ-ഗ്രാന്റ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണം.

(ഭരണകാര്യാലയം - 'സി' സെക്ഷൻ)

ഇനം നമ്പർ: **2023.34**

വിഷയം: **നിർവാഹകസമിതി / പൊതുസഭ യോഗവേളയിൽ ആവശ്യപ്പെടുന്ന പക്ഷം സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ ഹാജരാകുന്നത് സംബന്ധിച്ച്**

തീരുമാനം: നിർവാഹകസമിതി / പൊതുസഭ യോഗവേളയിൽ ആവശ്യപ്പെടുന്ന പക്ഷം സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ ഹാജരാകണം.

(ഭരണകാര്യാലയം – 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.35**

വിഷയം: **RTI സംബന്ധമായ ഔദ്യോഗിക വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാല വെബ്സൈറ്റിൽ RTI സംബന്ധമായ ഔദ്യോഗിക വിവരങ്ങൾ ലഭ്യമാക്കണം

(ഭരണകാര്യാലയം – 'എ' സെക്ഷൻ)

ഇനം നമ്പർ: **2023.36**

വിഷയം: **പരിസ്ഥിതി പഠനസ്കൂൾ ലാബ്ഫീസ് സംബന്ധിച്ച്**

തീരുമാനം: പരിസ്ഥിതി പഠനസ്കൂൾ ലാബ്ഫീസ് സംബന്ധിച്ച് നിർവാഹകസമിതി തീരുമാനം നടപ്പാക്കണം.

യോഗം 12.30 ന് അവസാനിച്ചു.

രജിസ്ട്രാർ